**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 63** **09-10-2024 - ൽ മറുപടിയ്ക്ക്**

**സിനിമ സെറ്റുകളിൽ ആഭ്യന്തര പരാതി പരിഹാര സമിതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 'തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം തടയൽ' നിയമപ്രകാരമുള്ള ആഭ്യന്തര പരാതി പരിഹാര സമിതികൾ സിനിമ സെറ്റുകളിൽ രൂപീകരിക്കണമെന്ന നിർദ്ദേശം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ; വ്യക്തമാക്കുമോ; | (എ) | തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരമുള്ള ആഭ്യന്തര പരാതി പരിഹാര സമിതികൾ സിനിമാ നിർമ്മാണ മേഖലയിൽ നടപ്പാക്കുന്നതുൾപ്പെടെ ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന വനിതാ കമ്മീഷനെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് 04.05.2022-ന് വിവിധ സിനിമാ സംഘടനാ പ്രതിനിധികളുടെ യോഗം ചേരുകയുണ്ടായി.<br><br>തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരമുള്ള ആഭ്യന്തര പരാതി പരിഹാര സമിതികൾ സിനിമാ നിർമ്മാണ മേഖലയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 03.11.2022 - ൽ സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു.<br><br>കേരള വനിതാ കമ്മീഷൻ കേരള ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ പ്രതിനിധികളുമായി നടത്തിയ സിറ്റിങ്ങിൽ എല്ലാ പ്രൊഡക്ഷൻ യൂണിറ്റുകളിലും രജിസ്ട്രേഷൻ നടപടികൾ കൈക്കൊള്ളുന്ന അവസരത്തിൽ തന്നെ ഫിലിം നിർമ്മാണ യൂണിറ്റുകൾ ഇന്റേണൽ കംപ്ലെയ്ന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിക്കൊണ്ടു മാത്രമേ രജിസ്ട്രേഷൻ നൽകുകയുള്ളൂവെന്ന് അറിയിച്ചിരുന്നു. കൂടാതെ മലയാള സിനിമാ മേഖലയിലെ ബന്ധപ്പെട്ട എല്ലാ സംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തികൊണ്ട് ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | ആയതിൻ പ്രകാരം ഓരോ സിനിമാ യൂണിറ്റിലും ഇന്റേണൽ കംപ്ലെയ്ന്റ് കമ്മിറ്റി രൂപീകരിക്കുകയും അതിന്റെ മേൽനോട്ടത്തിനായി മലയാള സിനിമാ മേഖലയിലെ എല്ലാ സംഘടനകളിൽ നിന്നുമുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്.<br><br>കേരള സർക്കാരിന്റെ സ്ഥാപനമായ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ഇന്റേണൽ കംപ്ലെയ്ന്റ് കമ്മിറ്റി നിലവിലുണ്ട്. കോർപ്പറേഷൻ നിർമ്മിക്കുന്ന വനിത, എസ്.സി/ എസ്.റ്റി സിനിമാ പദ്ധതി പ്രകാരമുള്ള സിനിമകളുടെ സെറ്റുകളിലും ആഭ്യന്തര പരാതി പരിഹാര സമിതി രൂപീകരിച്ചിട്ടുണ്ട്.<br><br>ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർ നടപടികൾ ചർച്ച ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി 04.10.2024-ൽ വിളിച്ചുചേർത്ത യോഗത്തിൽ സാംസ്കാരികം, തൊഴിൽ, വനിതാ ശിശു വികസനം എന്നീ വകുപ്പുകളെ ഉൾപ്പെടുത്തി ചലച്ചിത്ര സംഘടനകളുടെ സഹകരണത്തോടെ എല്ലാ സിനിമാ സെറ്റുകളിലും ആഭ്യന്തര പരാതി പരിഹാര സമിതികളുടെ രൂപീകരണം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്ന സംവിധാനം ശക്തമാക്കുന്ന വിഷയം ചർച്ച ചെയ്യുകയും ആവശ്യമെങ്കിൽ ഷൂട്ടിംഗ് ലോക്കേഷനുകളിൽ ഇതുസംബന്ധിച്ച പരിശോധന നടത്തുന്നതിന് ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമ നിർമ്മാണത്തിന്റെ സാധ്യത സർക്കാർ പരിഗണിച്ചുവരുന്ന സാഹചര്യത്തിൽ സിനിമാ സെറ്റുകളിൽ ആഭ്യന്തര പരാതി പരിഹാര സംവിധാനം ഉറപ്പാക്കുന്ന തരത്തിലുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | ഇതിന് ആവശ്യമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; | (ബി) | തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരമുള്ള ആഭ്യന്തര പരാതി പരിഹാര സമിതികൾ സിനിമാ നിർമ്മാണ മേഖലയിൽ നടപ്പാക്കുന്നതുൾപ്പെടെ ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന വനിതാ കമ്മീഷനെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് 04.05.2022-ന് വിവിധ |

സിനിമാ സംഘടനാ പ്രതിനിധികളുടെ യോഗം ചേരുകയുണ്ടായി.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരമുള്ള ആഭ്യന്തര പരാതി പരിഹാര സമിതികൾ സിനിമാ നിർമ്മാണ മേഖലയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 03.11.2022 - ൽ സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു.

കേരള വനിതാ കമ്മീഷൻ കേരള ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ പ്രതിനിധികളുമായി നടത്തിയ സിറ്റിങ്ങിൽ എല്ലാ പ്രൊഡക്ഷൻ യൂണിറ്റുകളിലും രജിസ്ട്രേഷൻ നടപടികൾ കൈക്കൊള്ളുന്ന അവസരത്തിൽ തന്നെ ഫിലിം നിർമ്മാണ യൂണിറ്റുകൾ ഇന്റേണൽ കംപ്ലെയ്ന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിക്കൊണ്ടു മാത്രമേ രജിസ്ട്രേഷൻ നൽകുകയുള്ളൂവെന്ന് അറിയിച്ചിരുന്നു. കൂടാതെ മലയാള സിനിമാ മേഖലയിലെ ബന്ധപ്പെട്ട എല്ലാ സംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തികൊണ്ട് ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം ഓരോ സിനിമാ യൂണിറ്റിലും ഇന്റേണൽ കംപ്ലെയ്ന്റ് കമ്മിറ്റി രൂപീകരിക്കുകയും അതിന്റെ മേൽനോട്ടത്തിനായി മലയാള സിനിമാ മേഖലയിലെ എല്ലാ സംഘടനകളിൽ നിന്നുമുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്.

കേരള സർക്കാരിന്റെ സ്ഥാപനമായ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ഇന്റേണൽ കംപ്ലെയ്ന്റ് കമ്മിറ്റി നിലവിലുണ്ട്. കോർപ്പറേഷൻ നിർമ്മിക്കുന്ന വനിത, എസ്.സി/ എസ്.റ്റി സിനിമാ പദ്ധതി പ്രകാരമുള്ള സിനിമകളുടെ സെറ്റുകളിലും ആഭ്യന്തര പരാതി പരിഹാര സമിതി രൂപീകരിച്ചിട്ടുണ്ട്.

ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർ നടപടികൾ ചർച്ച ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി 04.10.2024-ൽ വിളിച്ചുചേർത്ത യോഗത്തിൽ സാംസ്കാരികം, തൊഴിൽ, വനിതാ ശിശു വികസനം എന്നീ വകുപ്പുകളെ ഉൾപ്പെടുത്തി ചലച്ചിത്ര സംഘടനകളുടെ സഹകരണത്തോടെ എല്ലാ സിനിമാ സെറ്റുകളിലും

| | | | |
|---|---|---|---|
| | | | ആഭ്യന്തര പരാതി പരിഹാര സമിതികളുടെ രൂപീകരണം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്ന സംവിധാനം ശക്തമാക്കുന്ന വിഷയം ചർച്ച ചെയ്യുകയും ആവശ്യമെങ്കിൽ ഷൂട്ടിംഗ് ലോക്കേഷനുകളിൽ ഇതുസംബന്ധിച്ച പരിശോധന നടത്തുന്നതിന് ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമ നിർമ്മാണത്തിന്റെ സാധ്യത സർക്കാർ പരിഗണിച്ചുവരുന്ന സാഹചര്യത്തിൽ സിനിമാ സെറ്റുകളിൽ ആഭ്യന്തര പരാതി പരിഹാര സംവിധാനം ഉറപ്പാക്കുന്ന തരത്തിലുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | പ്രസ്തുത സമിതികൾ രൂപീകരിച്ചിട്ടില്ലെങ്കിൽ ഇതിനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരമുള്ള ആഭ്യന്തര പരാതി പരിഹാര സമിതികൾ സിനിമാ നിർമ്മാണ മേഖലയിൽ നടപ്പാക്കുന്നതുൾപ്പെടെ ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന വനിതാ കമ്മീഷനെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് 04.05.2022-ന് വിവിധ സിനിമാ സംഘടനാ പ്രതിനിധികളുടെ യോഗം ചേരുകയുണ്ടായി.<br><br>തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരമുള്ള ആഭ്യന്തര പരാതി പരിഹാര സമിതികൾ സിനിമാ നിർമ്മാണ മേഖലയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 03.11.2022 - ൽ സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു.<br><br>കേരള വനിതാ കമ്മീഷൻ കേരള ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ പ്രതിനിധികളുമായി നടത്തിയ സിറ്റിങ്ങിൽ എല്ലാ പ്രൊഡക്ഷൻ യൂണിറ്റുകളിലും രജിസ്ട്രേഷൻ നടപടികൾ കൈക്കൊള്ളുന്ന അവസരത്തിൽ തന്നെ ഫിലിം നിർമ്മാണ യൂണിറ്റുകൾ ഇന്റേണൽ കംപ്ലെയ്ന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിക്കൊണ്ടു മാത്രമേ രജിസ്ട്രേഷൻ നൽകുകയുള്ളൂവെന്ന് അറിയിച്ചിരുന്നു. കൂടാതെ മലയാള സിനിമാ മേഖലയിലെ ബന്ധപ്പെട്ട എല്ലാ സംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തികൊണ്ട് ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | ആയതിൻ പ്രകാരം ഓരോ സിനിമാ യൂണിറ്റിലും ഇന്റേണൽ കംപ്ലെയ്ന്റ് കമ്മിറ്റി രൂപീകരിക്കുകയും അതിന്റെ മേൽനോട്ടത്തിനായി മലയാള സിനിമാ മേഖലയിലെ എല്ലാ സംഘടനകളിൽ നിന്നുമുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്.<br><br>കേരള സർക്കാരിന്റെ സ്ഥാപനമായ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ഇന്റേണൽ കംപ്ലെയ്ന്റ് കമ്മിറ്റി നിലവിലുണ്ട്. കോർപ്പറേഷൻ നിർമ്മിക്കുന്ന വനിത, എസ്.സി/ എസ്.റ്റി സിനിമാ പദ്ധതി പ്രകാരമുള്ള സിനിമകളുടെ സെറ്റുകളിലും ആഭ്യന്തര പരാതി പരിഹാര സമിതി രൂപീകരിച്ചിട്ടുണ്ട്.<br><br>ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർ നടപടികൾ ചർച്ച ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി 04.10.2024-ൽ വിളിച്ചുചേർത്ത യോഗത്തിൽ സാംസ്കാരികം, തൊഴിൽ, വനിതാ ശിശു വികസനം എന്നീ വകുപ്പുകളെ ഉൾപ്പെടുത്തി ചലച്ചിത്ര സംഘടനകളുടെ സഹകരണത്തോടെ എല്ലാ സിനിമാ സെറ്റുകളിലും ആഭ്യന്തര പരാതി പരിഹാര സമിതികളുടെ രൂപീകരണം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്ന സംവിധാനം ശക്തമാക്കുന്ന വിഷയം ചർച്ച ചെയ്യുകയും ആവശ്യമെങ്കിൽ ഷൂട്ടിംഗ് ലോക്കേഷനുകളിൽ ഇതുസംബന്ധിച്ച പരിശോധന നടത്തുന്നതിന് ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമ നിർമ്മാണത്തിന്റെ സാധ്യത സർക്കാർ പരിഗണിച്ചുവരുന്ന സാഹചര്യത്തിൽ സിനിമാ സെറ്റുകളിൽ ആഭ്യന്തര പരാതി പരിഹാര സംവിധാനം ഉറപ്പാക്കുന്ന തരത്തിലുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ